# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 765** **29.10.2019 -ൽ മറുപടിയ്ക്ക്**

കക്കാടംപൊയിൽ ടൂറിസം വില്ലേജ്

ചോദ്യം

ശ്രീ.ജോർജ് എം. തോമസ് :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| **എ)** | വിനോദസഞ്ചാര സാധ്യതയുള്ള ഒരു പ്രദേശം ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കുമോ; | എ) യും ബി) യും | വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശം ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വകുപ്പിൽ നിലവിലില്ല. എന്നാൽ ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്ന നടപടിക്രമങ്ങൾ നിലവിലുണ്ട്. ഓരോ പ്രദേശത്തേയും , ടൂറിസം സാധ്യതകളുടേയും ,പ്രസ്തുത സ്ഥലത്ത് സഞ്ചാരികൾക്ക് എത്തിച്ചേരാനുള്ള ഗതാഗത സാധ്യതയും കണക്കിലെടുത്ത് ടൂറിസം സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ കളക്ടർ & ചെയർമാൻ ഡി.റ്റി.പി.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ടൂറിസം പ്രദേശങ്ങളുടെ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് ടി പ്രദേശത്തെ ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനായി നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കും. ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ ടി സ്ഥലത്തിന്റെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുകയും അതിലൂടെ തദ്ദേശവാസികൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും. |
| ബി) | ടൂറിസം വില്ലേജായി പ്രഖ്യാപിച്ചാലുള്ള ഗുണഫലങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ; | | |
| **സി)** | കോഴിക്കോട് ജില്ലയിലെ കക്കാടംപൊയിൽ ഗ്രാമം ടൂറിസം വില്ലേജായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) യും ഡി) യും | ഇത് സംബന്ധിച്ച് ശിപാർശകൾ ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| ഡി) | കക്കാടംപൊയിലിനെ ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ